പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1737 04.10.2011 ൽ മറുപടിയ്ക്ക്

പുതുതായി വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; | (എ) വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനായി വിശദമായ സാങ്കേതിക പഠനം നടത്തി ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ ലൈനുകൾ നിർമ്മിച്ച് സബ്സ്റ്റേഷനുകൾ സ്ഥാപിക്കുകയും നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷിയും വോൾട്ടേജ് നിലവാരവും ഉയർത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2011-12 വർഷത്തിൽ പതിനെട്ട് 33 KV സബ്സ്റ്റേഷനുകൾ ഉൾപ്പടെ മൊത്തം നാൽപത് സബ്സ്റ്റേഷനുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) പുതുതായി വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർക്കെല്ലാം ആയത് നൽകുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ ? | (ബി) സപ്ലൈ കോഡ് 2005 അനുസരിച്ച് കണക്ഷൻ നൽകുന്നതിന് ആവശ്യമായ തുക ഉപഭോക്താക്കൾ അടയ്ക്കേണ്ടതുണ്ട്. ഇപ്രകാരം തുക അടയ്ക്കുന്ന ഉപഭോക്താകൾക്ക് ഉടനെ തന്നെ കണക്ഷനുകൾ നൽകി വരുന്നുണ്ട്. ഇപ്രകാരം തുക അടയ്ക്കാത്ത അപേക്ഷകർക്ക് ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ടാർജറ്റ് പ്രകാരം കണക്ഷൻ നൽകി വരുന്നു. നിലവിലുള്ള ടാർജറ്റ് പ്രകാരം 31.03.2011 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് കണക്ഷനുകൾ നൽകി വരുന്നുണ്ട്. ഇതു പ്രകാരം |

(...............2)

31.03.2011 വരെ രജിസ്റ്റർ ചെയ്ത പോസ്റ്റ് ആവശ്യമില്ലാത്ത കണക്ഷനുകൾ നൽകി കഴിഞ്ഞു. പോസ്റ്റ് ആവശ്യമുള്ള 8,385 കണക്ഷനുകൾ മാത്രമേ ഇനി നൽകേണ്ടതായിട്ടുള്ളൂ. വടക്കൻ മേഖലകളിൽ കണക്ഷൻ നൽകുന്നതിന് പോസ്റ്റുകളുടെ ദൗർലഭ്യം അനുഭവപ്പെട്ടിരുന്നു. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസരണ മേഖലയിൽ സബ്സ്റ്റേഷനുകളുടെ അധികശേഷി ഉപയോഗപ്പെടുത്തി പുതിയ EHT (എക്സ്ട്രാ ഹൈ ടെൻഷൻ) കണക്ഷനു വേണ്ടി അപേക്ഷിക്കുന്നവർക്ക് നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ